# പത്രക്കുറിപ്പ്

## ദേശീയ അദ്ധ്യാപകക്ഷേമ ഫൗണ്ടേഷൻ ക്യാഷ് അവാർഡ്

ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ കേരള ഘടകത്തിന്റെ 73-ാമത് സംസ്ഥാന പ്രവർത്തക സമിതിയോഗ തീരുമാനപ്രകാരം അധ്യാപകരുടെ മക്കളായ സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിച്ച് 2018 മാർച്ച് എസ്.എസ്.എൽ.സി / ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ (സ്റ്റേറ്റ് സിലബസ്) എല്ലാ വിഷയങ്ങൾക്കും എ+ നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റും വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ വർഷം മുതൽ അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. **www.nftwkerala.org** എന്ന സൈറ്റ് വഴിയാണ് അപേക്ഷ നൽകേണ്ടത്. എന്നാൽ ഓൺലൈൻ വഴി അപേക്ഷ നൽകുമ്പോൾ തന്നെ ടി അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർ സാക്ഷ്യപ്പെടുത്തി, സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതം 2018 ജൂലൈ 25 ന് മുമ്പായി അസിസ്റ്റന്റ് സെക്രട്ടറി, ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ, കേരളം, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്. അപൂർണ്ണമായതും, നിശ്ചിത തീയതിക്കുശേഷവും ലഭിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പൊതുവിദ്യാഭ്യാസ ഡയറക്ടർ
സെക്രട്ടറി & ട്രഷറർ
ദേശീയ അധ്യാപകക്ഷേമ ഫൗണ്ടേഷൻ
(കേരളം)

26.6.18